**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.543** **04.07.2019 ൽ മറുപടിക്ക്**

**ദേശീയപാത നിർമ്മാണത്തിന് പുതിയ കേന്ദ്രനിർദ്ദേശങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.മമ്മൂട്ടി**<br>**ഡോ.എം. കെ. മുനീർ**<br>**ശ്രീ.എൻ. ഷംസുദ്ദീൻ**<br>**,, പി.കെ.ബഷീർ** | **ശ്രീ ജി സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ ദേശീയപാതയുടെ നിർമ്മാണത്തിന് പുതുതായി എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ദേശീയപാത അതോറിറ്റി 02.05.2019, 09.05.2019 തീയതികളിലെ NHAI/OSD to Chairman/04/19 പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ സംസ്ഥാനത്തെ ദേശീയപാതാ വികസനം (കാസർഗോഡ് ജില്ല ഒഴികെ) high priority 1-ൽ നിന്നും high priority 2 ലേക്ക് തരം താഴ്ത്തിയിട്ടുള്ളതാണ്, പ്രസ്തുത ഉത്തരവിൽ high priority 2-ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ 3D വിജ്ഞാപനങ്ങൾ 3G അവാർഡുകൾ, നഷ്ടപരിഹാരതുക വിതരണം ചെയ്യൽ/കെട്ടിവെക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ മുന്നോട്ട് പോകേണ്ടതില്ലെന്ന നിർദ്ദേശം റീജിയണൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ബഹു. മുഖ്യമന്ത്രിയും പൊതുമരാമത്തുവകുപ്പ മന്ത്രിയും കത്തുകളിലൂടെയും, 15-6-2019-ൽ കേന്ദ്രമന്ത്രി നിധിൻ ഗഡ്കരിയുമായി നേരിട്ട് ചർച്ച ചെയ്തതിന്റെയും അടിസ്ഥാനത്തിൽ priority നിശ്ചയിച്ചുകൊണ്ടുള്ള മുൻ ഉത്തരവ് റദ്ദാക്കിയതായി 18-6-2019 ലെ കത്തിലൂടെ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. നിർത്തിവെക്കാൻ തീരുമാനിച്ച പ്രവർത്തനങ്ങൾ തുടരുന്നതിനു NHAI ക്കു നിലവിൽ തടസ്സങ്ങൾ ഇല്ല. |
| ബി) പ്രസ്തുത നിർദ്ദേശങ്ങൾ സംസ്ഥാനത്തെ ദേശീയപാതാ നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വികസനം മുഖ്യ അജണ്ടയായി കണക്കാക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും, 3G അവാർഡുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മാത്രമല്ല എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ അനന്തമായി |

നീണ്ടുപോകുന്ന സാഹചര്യത്തിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര ചെലവ് കൂടുകയും ജനസാന്ദ്രത കൂടിയ സംസ്ഥാനമെന്ന നിലയിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ കൂടുതൽ സങ്കീർണ്ണമാകുന്ന അവസ്ഥ ഉണ്ടാകാൻ സാധ്യതയുണ്ട്

NHAI ഇത്തരത്തിലുള്ള മുൻഗണനാക്രമം നിശ്ചയിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടു വരികയും കേരളത്തിലെ മുഴുവൻ റീച്ചുകളും High Priority-I ൽ ഉൾപ്പെടുത്തണ മെന്നാവശ്യപ്പെട്ട കൊണ്ട് കേന്ദ്രമന്ത്രിക്കും, NHAI ചെയർമാനും പൊതുമരാമത്തും രജിസ്ട്രേഷൻ വകുപ്പ് മന്ത്രി കത്തയക്കുകയുണ്ടായി മാത്രമല്ല വകുപ്പ് സെക്രട്ടറിയെ ഡൽഹിയിൽ അയച്ച് ഉദ്യോഗസ്ഥതലത്തിൽ ചർച്ച നടത്തുകയും ചെയ്തു. . അതിന്റെ അടിസ്ഥാനത്തിൽ ചെറിയ ഭേദഗതി മുൻ ഉത്തരവിൽ വരുത്തിയിട്ടുണ്ട്. High Priority-2 ലെ പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കണക്കാക്കേണ്ട എന്നും ഭൂമിയെടുപ്പിന്റെ പുരോഗതിക്കനുസരിച്ച് NHAI ഹെഡ് ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിനു വിധേയമായി ഏറ്റെടുക്കുന്നകാര്യം തീരുമാനിക്കുമെന്നുമാണ് ഭേദഗതി എങ്കിലും Priority list ൽ മാറ്റമൊന്നും വരുത്തിയിട്ടില്ലായിരുന്നു. എന്നാൽ കേന്ദ്രത്തിൽ സമർദ്ദം ചെലുത്തുന്നതിനായി ബഹു. മുഖ്യമന്ത്രിയും പൊതുമരാമത്തു വകുപ്പ മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരോടൊപ്പം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ മന്ത്രി നിധിൻ ഗഡ്കരിയുമായി 15-6-2019-ൽ ഡൽഹിയിൽ അദ്ദേഹത്തിന്റെ വസതിയിൽ വെച്ച ചർച്ച നടത്തുകയും, NHAI നിശ്ചയിച്ച മുൻഗണനാക്രമം അനുസരിച്ച കേരളത്തെ രണ്ടാം പട്ടികയിൽപ്പെടുത്തിയ നടപടി പുന:പരിശോധിക്കണമെന്നും ചർച്ചയിൽ ആവശ്യപ്പെട്ടു. ഇക്കാര്യം പുന:പ്പരിശോധിച്ച തിരുത്താനാവശ്യമായ നടപടി സ്വീകരിച്ചതായും അദ്ദേഹം പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ രണ്ടുതരം priority നിശ്ചയിച്ച മുൻ ഉത്തരവ് റദ്ദാക്കിക്കൊണ്ട് 18-6-2019 ൽ ഇറക്കിയ ഒരു ഉത്തരവ് പൊതുമരാമത്തുവകുപ്പ മന്ത്രിക്കു ലഭിക്കുകയുണ്ടായി.

ആയതിനാൽ ദേശീയപാത വികസനം മുന്നോട്ട കൊണ്ടുപോകുന്നതിൽ NHAI ക്ക നിലവിൽ തടസ്സങ്ങൾ ഇല്ലെന്നാണ് മനസ്സിലാക്കുന്നത്. സംസ്ഥാന സർക്കാർ ദേശീയപാത വികസനത്തിൽ സ്വീകരിച്ച പോസിറ്റീവ് സമീപനം NHAI യുടെ ഭാഗത്തുനിന്നും അതേ അളവിൽ ഉണ്ടായൽ ദേശീയപാത വികസനം വേഗത്തിൽ യാഥാർത്ഥ്യമാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ